മാതൃഭൂമി

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ




മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം


MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 24 SEPTEMBER 2023

# ആകാശപ്പച്ച

# CONTENTS


എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

കേരളം അറിയാൻ

ഇത് അതിശയം തന്നെ

ചിറകുള്ള ചങ്ങാതിമാർ

തെറ്റ് ശരി

ഈ ഫോട്ടോ കാണാം

ലോകം എങ്ങനെ

കൃഷിക്കാര്യം

പൂവറിവ്

വർണച്ചിറക്


കഥ - കവിത



Cover photo: Shutterstock

# ലോക കാണ്ടാമൃഗ ദിനം
## സെപ്റ്റംബർ 22



**കാ**ണ്ടാമൃഗത്തിന്റെ തൊലിക്കട്ടിയാണ് എന്ന് പലരും പറയാറുണ്ട്. പറഞ്ഞിട്ടെന്തുകാര്യം കാണ്ടാമൃഗങ്ങളിൽ പലയിനങ്ങളും വംശനാശഭീഷണിയിലാണ്. അവശേഷിക്കുന്നവയെ സംരക്ഷിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് വേൾഡ് വൈൽഡ്‌ലൈഫ് ഫണ്ട് 1997 മുതൽ ലോക കാണ്ടാമൃഗദിനം ആഘോഷിക്കുന്നത്. വെളുത്ത കാണ്ടാമൃഗങ്ങളെ ദക്ഷിണാഫ്രിക്കയിൽനിന്ന് ബോട്സ്വാനയിലേക്ക് വിജയകരമായി മാറ്റിപ്പാർപ്പിച്ച ദിവസമായതിനാലാണ് സെപ്റ്റംബർ 22 കാണ്ടാമൃഗദിനമായി തിരഞ്ഞെടുത്തത്. കാണ്ടാമൃഗസംരക്ഷണം എന്ന ലക്ഷ്യത്തെ പിന്തുണയ്ക്കുന്ന ആളുകൾ ലോകമെമ്പാടും ഒത്തുചേരുന്ന ദിനമായി ഇത് മാറി.





എഡിറ്റോറിയൽ

# വേണം നല്ലവായു

നമ്മുടെ രാജ്യത്തെ വായുമലിനീകരണത്തോത് അപകടകരമായ നിലയിലാണ് എന്നത് വളരെ ഗൗരവത്തോടെ കാണേണ്ട വിഷയമാണ്. കോടിക്കണക്കിന് ആളുകളുടെ ആരോഗ്യത്തെ നേരിട്ട് ബാധിക്കുന്ന പ്രശ്നമാണിത്. ആരോഗ്യപ്രശ്നങ്ങളുള്ളവർ, കുഞ്ഞുങ്ങൾ തുടങ്ങിയവരെ വായുമലിനീകരണത്തിന്റെ ദോഷവശങ്ങൾ ആദ്യം ബാധിക്കും. വാഹനങ്ങളിൽനിന്ന് പുറത്തുവരുന്ന പുക, വ്യാവസായിക മലിനീകരണം, കാർഷികാവശിഷ്ടങ്ങൾ കത്തിക്കുന്നത് എന്നിവയാണ് വായുമലിനീകരണത്തിന് കാരണമാകുന്ന പ്രധാന ഘടകങ്ങൾ. വായുവിന്റെ ഗുണനിലവാരം നിലനിർത്തുന്നതിന് വെയിൽ, കാറ്റ്, തിരമാല എന്നിവയിൽനിന്നുള്ള ഊർജം പ്രോത്സാഹിപ്പിക്കുകയാണ് ഏറ്റവും നല്ല വഴി.





# വനങ്ങൾ ഭൂമിയുടെ ശ്വാസകോശങ്ങൾ

ഭൂമിയിൽ ഏറ്റവും കൂടുതൽ ജീവികളുടെ വാസഗൃഹമാണ് വനങ്ങൾ. വൻമരങ്ങളും ചെറുസസ്യങ്ങളും പുൽമേടുകളുമൊക്കെയായി വനങ്ങൾ നിത്യഹരിതമായും ഇലപൊഴിയും കാടുകളായും മഴക്കാടുകളായും ഭൂമിക്ക് തണലൊരുക്കി കുടചൂടി നിൽക്കുന്നു. ജൈവവൈവിധ്യസമ്പന്നമായ വനങ്ങൾ ഇന്ന് നശിച്ചുകൊണ്ടിരിക്കുന്നു. വനനശീകരണം, മനുഷ്യന്റെ വേട്ടയാടൽ, കാലാവസ്ഥാവ്യതിയാനം തുടങ്ങിയവ വന്യജീവികളുടെ നാശത്തിന് കാരണമാകുന്നു. മനുഷ്യന്റെ നിയന്ത്രണമില്ലാത്ത ഇടപെടൽമൂലം അനേകം ജീവിവർഗങ്ങൾ ഭൂമിയിൽനിന്ന് അപ്രത്യക്ഷമായി. പല ജീവിവർഗങ്ങളും വംശനാശത്തിന്റെ വക്കിലുമാണ്. കാണ്ടാമൃഗം, കടുവ, ആൾകുരങ്ങ്, ആഫ്രിക്കൻ ആന തുടങ്ങി അനേകം ജീവികൾ നിരന്തര വേട്ടയാടലും ആവാസവ്യവസ്ഥയുടെ മേലുള്ള മനുഷ്യന്റെ കടന്നുകയറ്റവും നിമിത്തം വൻതോതിൽ നശിച്ചുകൊണ്ടിരിക്കുന്നു. ഈ ജൈവവൈവിധ്യത്തെ സംരക്ഷിക്കാൻ നമുക്ക് ഓരോരുത്തർക്കും കടമയുണ്ട്. ഭൂമി നമ്മുടെത് മാത്രമല്ല, മറ്റ് ജീവജാലങ്ങൾക്കും ഇവിടെ ജീവിക്കാൻ അവകാശമുണ്ട്.

ഫർസാ ഫാത്തിമ
കൈരളി വിദ്യാമന്ദിർ, തിരുവനന്തപുരം

# അപ്രത്യക്ഷമാകുന്ന കണ്ടൽക്കാടുകൾ

കേരളം അറിയാൻ

**കേ**രളത്തിലെ കണ്ടൽചെടികളിൽ പകുതിയിലേറെയും നിലനിൽക്കുന്നത് കണ്ണൂരിലെ വളപട്ടണത്തും പഴയങ്ങാടി മേഖലയിലുമാണ്. കണ്ണൂർ വളപട്ടണത്തെ കണ്ടൽകാടുകൾ ഉണക്കിക്കളഞ്ഞ് മണ്ണിട്ട് നികത്താൻ ലക്ഷ്യമിട്ട് സ്വകാര്യവ്യക്തികൾ നടത്തുന്ന ശ്രമം വലിയ പാരിസ്ഥിതികപ്രശ്നം സൃഷ്ടിക്കുന്നതായി ചൂണ്ടിക്കാണിക്കപ്പെടുന്നു. വളപട്ടണത്തെ സിമന്റ്ഫാക്ടറിയിലെ രാസമാലിന്യം ഒഴുക്കിവിട്ട് കണ്ടൽക്കാടുകൾ നശിപ്പിക്കാനാണ് സ്വകാര്യവ്യക്തികൾ ശ്രമിക്കുന്നത്. അഞ്ചുവർഷത്തിനിടെ 100 ഏക്കർ കണ്ടൽക്കാടുകളാണ് നാശത്തിലേക്ക് നീങ്ങിയത്. ഏത് കാലാവസ്ഥയിലും പക്ഷികളുടെയും ജലജീവികളുടെയും ആവാസകേന്ദ്രമായ കണ്ടൽക്കാടുകൾ ഉപ്പുവെള്ളം ശുദ്ധീകരിക്കുന്നതിനും സുനാമിസമയത്തുപോലും കടൽ കരയിലേക്ക് കയറാതെ ശക്തമായ പ്രതിരോധം തീർത്ത് പരിസ്ഥിതിയെ സംരക്ഷിക്കാനും സഹായിക്കുന്നു.



സൈനബ് റയാസുദീൻ
ആലിയ സ്കൂൾ, പരവനടുക്കം
കാസർകോട്





# പേടിസ്വപ്നമായിരുന്ന പ്രാപ്പിടിയൻ

കേരളത്തിൽ സുലഭമായി കണ്ടിരുന്ന ഒരിനം പക്ഷിയാണ് പ്രാപ്പിടിയൻ എന്ന് വിളിപ്പേരുള്ള ഷിക്ര. നാട്ടിൻപുറത്ത് മരങ്ങൾ കൂടുതലുള്ള ഇടങ്ങളിൽ കാണുന്ന ഇവയുടെ ഇഷ്ടവിഭവം പല്ലി, എലി, അണ്ണാൻ, ചെറുപക്ഷികൾ, കോഴിക്കുഞ്ഞുങ്ങൾ എന്നിവയാണ്. ആണിന് ചാരനിറമാണ്, പെൺപക്ഷിയുടെ പുറത്തിന് കടുത്ത തവിട്ടുനിറവും. കാക്കക്കൂടിന് സമാനമായി ചുള്ളികൾ ചേർത്തുണ്ടാക്കുന്ന ഉറപ്പില്ലാത്ത കൂടുകളാണ് ഇവയുടെത്. മിന്നൽപ്പിണർ പോലെ ആകാശത്തുനിന്ന് പറന്നുവന്ന് കണ്ണടച്ച് തുറക്കുമ്പോഴേക്കും കോഴിക്കുഞ്ഞിനെയും റാഞ്ചിപ്പോകുന്ന പ്രാപ്പിടിയൻ തള്ളക്കോഴികളുടെ മാത്രമല്ല വീടുകളിൽ കോഴികളെ വളർത്തുന്നവരുടെയും പേടിസ്വപ്നമായിരുന്നു. അത്രയും വേഗമാണ് ഇവയുടെ ഇരതേടൽ. ഇവയെ കണ്ട് ഓടിരക്ഷപ്പെടുന്ന എലികളെയും ഓന്തിനെയും പല്ലിയെയുമൊക്കെ പിൻതുടർന്ന് റാഞ്ചിയെടുത്ത് പറന്നുപൊങ്ങാൻ ഇവയ്ക്ക് പ്രത്യേകം വിരുതുണ്ട്.

മീനാക്ഷി എസ്.
ചട്ടുകപ്പാറ ജി.എച്ച്.എസ്.
കണ്ണൂർ

ഈ ഫോട്ടോ കാണാം

# ആനക്കര്യം



മുഹമ്മദ് അൽ ബാദിർ
എൻ.എച്ച്.എസ്.എസ്., കൽപ്പറ്റ

# സൂക്ഷ്മ കൃഷിസമ്പ്രദായം

നൂതനസാങ്കേതികവിദ്യയും അതത് സ്ഥലത്തുനിന്ന് ലഭിക്കുന്ന വിവരങ്ങളും ഉപയോഗിച്ച് അനുയോജ്യമായ സ്ഥലത്ത്, ശരിയായ സമയത്ത് കൃഷിചെയ്യുക എന്ന ആശയമാണ് സൂക്ഷ്മ കാർഷികരീതി അല്ലെങ്കിൽ സൂക്ഷ്മ കൃഷിസമ്പ്രദായം. കൃത്യതാ കൃഷി എന്നും ഇതറിയപ്പെടുന്നു. കുറച്ച് ജലവും കുറച്ച് വളവും കുറച്ച് അധ്വാനവും കൊണ്ട് കൂടുതൽ വിളവുണ്ടാക്കുന്ന സാങ്കേതികതയാണ് സൂക്ഷ്മ കാർഷികരീതി. ഇത് ഇസ്രയേലിന്റെ സംഭാവനയാണ്. കൃത്രിമ കൃഷിരീതികളും രാസവളം, കീടനാശിനി എന്നിവയുടെ ഉപയോഗം കുറച്ചുകൊണ്ടുമുള്ള രീതിയാണിത്. ഇതിനായി ചെടികൾക്കാവശ്യമായ വെള്ളവും പോഷകങ്ങളും പരിചരണവും കൃത്യസമയത്ത് കൃത്യമായ അളവിൽ നൽകുന്നു. ചെടികളെ പ്രത്യേകം തയ്യാറാക്കിയ തണൽപ്പുരകളിൽ സൂക്ഷിച്ച് പ്രത്യേക പരിചരണം നൽകി വളർത്തിയെടുക്കുന്നു. തമിഴ്നാട്ടിൽ ഇത് വിജയകരമായി നടപ്പാക്കുന്നുണ്ട്.



ശ്രുപത് മനോജ്
വീമംഗലം യു.പി. സ്കൂൾ, മൂടാടി
കോഴിക്കോട്

# പാട്ടുപാടി വന്ന കിളി

*കൊല്ലംകോട്ട് തൂക്കം നേർന്ന കുഞ്ഞാറ്റംകിളി*
*കോതാമൂരി പാട്ടും പാടി വായോ ഈ വഴി*
*ആയിരം കാവിലെ ആവാരം പൂവിനെ*
*ആട്ടിയുറക്കാൻ ഊഞ്ഞാലും കൊണ്ടു വാ പൈകിളീ...*

കുടുംബവിശേഷം എന്ന സിനിമയിൽ ജോൺസൺ സംഗീതം നിർവഹിച്ച പാട്ടാണിത്. സ്വതന്ത്രമായി പാറിനടക്കുന്ന കുഞ്ഞാറ്റംകിളിയെ ഇവിടെ കാണാം ആ കിളിയോട് പാട്ടുംപാടി വരുവാനും ആയിരം കാവിലുള്ള പൂവിനെ ആട്ടിയുറക്കാൻ ഒരു ഊഞ്ഞാൽകൂടി കൊണ്ടുവാ എന്നുമാണ് ഇവിടെ പറയുന്നത്. ഇവിടെ ആയില്യംകാവിനെയും അവിടെയുള്ള ആവാരംപൂവിനെയും എല്ലാം വർണിച്ചിരിക്കുന്നു.



ശിവാനി ആർ.
എസ്.വി.വി.എച്ച്.എസ്.എസ്. താമരക്കുടി
കൊല്ലം





# വോട്ടുചെയ്യുന്ന മൃഗങ്ങൾ

മനുഷ്യൻ മാത്രമല്ല, ചിലതരം മൃഗങ്ങളും ജനാധിപത്യ രീതി പിൻതുടരുന്നുണ്ടത്രേ. ആഫ്രിക്കൻ എരുമകൾ വോട്ട്ചെയ്താണ് അവർ സഞ്ചരിക്കേണ്ട ദിശ തിരഞ്ഞെടുക്കുന്നത്. വോട്ട്ചെയ്യുന്ന രീതി വളരെ രസകരമാണ്. എരുമക്കൂട്ടത്തിലെ മുതിർന്ന എരുമകൾ ഒന്നൊന്നായി എഴുന്നേറ്റ് ഒരു പ്രത്യേക ദിശയിലേക്ക് നോക്കും. പിന്നീട് വീണ്ടും കിടക്കും. ഏത് ദിശയിലേക്കാണ് ഏറ്റവും കൂടുതൽപേർ നോക്കുന്നത് അവിടേക്കായിരിക്കും ഈ കൂട്ടം സഞ്ചരിക്കുക. വോട്ടിങ് വിഭജിക്കപ്പെടുകയാണെങ്കിൽ ഇവ പലപ്പോഴും താത്കാലികമായി രണ്ട് വഴികളിലേക്ക് പിരിഞ്ഞുപോകുന്നു. ചുവന്ന മാനുകളും വിവിധതരം കുരങ്ങുകളും സമാനമായ ജനാധിപത്യസ്വഭാവം ചില സമയങ്ങളിൽ പ്രകടിപ്പിക്കാറുണ്ടത്രേ.



നിമിത്ത്
കണിമംഗലം എസ്.എൻ.
ബോയ്സ് ഹൈസ്കൂൾ, തൃശ്ശൂർ

# ചിരട്ടയിലെവെള്ളം ഉറുമ്പിനും കൊതുകിനും



ചിരട്ടയിലെ വെള്ളം ഉറുമ്പിന് സമുദ്രം എന്നാണല്ലോ ചൊല്ല്. ഉറുമ്പിന്റെ കഷ്ടപ്പാട് കാണിക്കുന്ന ചൊല്ലാണിത്. എന്നാൽ ചിരട്ടകളിൽ വെള്ളം കെട്ടിക്കിടക്കുന്നത് വലിയ അപകടമാകുന്നകാലത്താണ് നമ്മൾ ജീവിക്കുന്നത്. ഇവിടെ ഉറുമ്പിന് കാര്യമില്ല, കൊതുകാണ് പ്രശ്നം. ചിരട്ടയിലോ മറ്റ് എവിടെയെങ്കിലുമോ വെള്ളം കെട്ടിക്കിടന്നാൽ കൊതുകുകൾ അതിൽ അനവധി മുട്ടകളിട്ട് ധാരാളം കൊതുകുകളാകും. കുറച്ച് വെള്ളം കൊതുകിനും സമുദ്രമാണ്. അതിനാൽ പരിസരം ശുചിയാക്കുക കൊതുകിനായി സമുദ്രം ഉണ്ടാക്കാതിരിക്കുക.



ഗംഗാ ദേവി
നവ നിർമാൺ പബ്ലിക് സ്കൂൾ
വാഴക്കാല, എറണാകുളം

# ചെറുതായി വരുന്ന വലിയ ദുരന്തം

"ഡൈനാമൈറ്റ് ചെറിയ പാക്കേജുകളിലാണ് വരുന്നത്" എന്ന ചൊല്ലുപോലെ മൈക്രോപ്ലാസ്റ്റിക്സ് ഒരു വലിയ പ്രശ്നമാണ്. ആഴക്കടൽ കിടങ്ങുകളിലെ ജീവികളുടെ വയറ്റിൽപോലും അവ കണ്ടെത്തി. നമ്മൾ മനുഷ്യരും എല്ലാ ദിവസവും മൈക്രോപ്ലാസ്റ്റിക് ഉള്ളിലാക്കുന്നുണ്ട്. മൈക്രോപ്ലാസ്റ്റിക് വായുവിലൂടെയും ജലത്തിലൂടെയും വ്യാപിക്കുന്നു. മൈക്രോ പ്ലാസ്റ്റിക്കുകൾ കലർന്ന മണ്ണ് ഉഴുതുമറിക്കുന്നത് ഇത് മണ്ണിലേക്ക് കൂടുതൽ ആഴത്തിൽ എത്താൻ ഇടയാക്കുന്നു. സസ്യങ്ങളുടെ വേരുകൾ ഈ മൈക്രോപ്ലാസ്റ്റിക്സിനെ ആഗിരണംചെയ്യുന്നു. ജീവികളുടെ ശരീരത്തിലെത്തിയാൽ എൻഡോക്രൈൻ സിസ്റ്റത്തിന്റെ ശരിയായ പ്രവർത്തനത്തെ മൈക്രോപ്ലാസ്റ്റിക് തടസ്സപ്പെടുത്തുന്നു.



ആദിൽ സിദാൻ
കേന്ദ്രീയ വിദ്യാലയ, കണ്ണൂർ

# നാലുമണിക്ക് ഒരു പൂവ്

**നാ**ലുമണിപ്പൂക്കൾക്ക് കാഹളത്തിന്റെ ആകൃതിയാണ്. അവ വൈകുന്നേരം നാലുമണിക്ക് വിടരുകയും രാവിലെ വാടിപ്പോകുകയും ചെയ്യും. വേനൽ മുഴുവൻ പൂക്കുന്ന ഒന്നിലധികം ശാഖകളുള്ള ചെടികളാണ് നാലുമണികൾ. വസന്തത്തിന്റെ അവസാനംമുതൽ ശരത്കാലംവരെ നാലുമണിസസ്യങ്ങൾ പൂവിടുന്നത് തുടരുന്നു. ഈ പൂക്കൾ ഭക്ഷണപദാർഥങ്ങൾക്ക് നിറംകൊടുക്കാനും ഉപയോഗിക്കാവുന്നതാണ്.






ധന്യ മേരി മാത്യു
ബേക്കർ മെമ്മോറിയൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ, കോട്ടയം

വർണച്ചിറക്
കവിത

# മരവും മനുഷ്യനും



**സ്നേ**ഹിക്കാം ഭൂമിയെ
സംരക്ഷിക്കാം പരിസ്ഥിതിയെ
ചുട്ടുപൊള്ളുന്നു ഭൂമി
ജീവജാലങ്ങൾ
നിലനിൽപ്പിനായി
പരതുന്നു.

സംരക്ഷിക്കാം ഭൂമിയെ
നട്ടുവളർത്താം മരങ്ങളെ
നിലനിർത്താം വനങ്ങളെ
മരം ഒരു വരമാണ്
തലമുറകൾക്കുള്ള ധനമാണ്
ജീവവായുവാണ്
നട്ടുനനയ്ക്കാം ഒരു മരം
നിലനിൽക്കണം ഭൂമിയും
ജീവജാലങ്ങളും മരങ്ങളും
മനുഷ്യരും
എന്നും എന്നാളും.

ജയിൻ റൊണാൾഡ്
സെന്റ് മേരീസ്
റെസിഡെൻഷ്യൽ പബ്ലിക് സ്കൂൾ, തിരുവല്ല

# മീനുകുട്ടിയും പക്ഷികുഞ്ഞും



ഒരിടത്ത് ഒരിടത്ത് മീനുക്കുട്ടി എന്ന് പേരുള്ള ഒരു പെൺകുട്ടി ഉണ്ടായിരുന്നു. വളരെ ചെറുപ്പത്തിലേ അച്ഛനും അമ്മയും മരിച്ചുപോയ അവളെ മുത്തശ്ശനും മുത്തശ്ശിയും ആണ് വളർത്തിയത്. ഒരു ദിവസം കാട്ടിലേക്ക് വിറക് ശേഖരിക്കാൻപോയ അവൾ വഴിയരികിൽ ഒരു പക്ഷിക്കുഞ്ഞിനെയും അതിന്റെ തകർന്ന കൂടും കണ്ടു. പക്ഷിക്കുഞ്ഞിന്റെ കാൽ ഒടിഞ്ഞിരുന്നു. ദയ തോന്നിയ മീനുക്കുട്ടി അതിനെ തന്റെ വീട്ടിലേക്ക് കൊണ്ടുപോയി. കാലിൽ മരുന്ന് വെച്ചുകെട്ടി. ആഹാരവും വെള്ളവും നൽകി. പിറ്റേദിവസം വിറക് ശേഖരിക്കാൻപോയ മീനുക്കുട്ടി വഴിയിൽ ആ തകർന്ന കൂടിനരികിൽ ഒരു പക്ഷി ഇരുന്ന് കരയുന്നത് കണ്ടു. മീനുക്കുട്ടിക്ക് പെട്ടെന്ന് കാര്യം മനസ്സിലായി. അവൾ നേരേ വീട്ടിലേക്ക് ഓടി, എന്നിട്ട് പക്ഷിക്കുഞ്ഞുമായി തിരികെ വന്നു. പക്ഷിക്കുഞ്ഞിനെ കണ്ട അമ്മക്കിളി സന്തോഷത്തോടെ ചിറകുകൊണ്ട് അതിനെ പൊതിഞ്ഞു. തന്റെ കുഞ്ഞിനെ രക്ഷിച്ച മീനുക്കുട്ടിയെ നോക്കി ആ അമ്മക്കിളി സന്തോഷത്തോടെ തലയാട്ടി.

നൂറാ ഫാത്തിമ എ.
ജി.എം.എൽ.പി.എസ്. മേമന, കൊല്ലം

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

# മാതൃഭൂമി ആകാശപ്പച്ച



ആകാശപ്പച്ചയിലേക്കുള്ള രചനകളും നിർദേശങ്ങളും akashapacha@mpp.co.in എന്ന വിലാസത്തിലേക്ക് അയക്കാം
വിശദവിവരങ്ങൾക്ക് സീഡ് ജില്ലാ കോ-ഓഡിനേറ്റർമാരോട് സംസാരിക്കാം.

**ഒരു മരം നട്ടുവളർത്തിയാൽ ഒരായിരം പേരുടെ ആയുസ് ഒരു ദിവസത്തേക്കെങ്കിലും വർദ്ധിക്കും**

Published by Mathrubhumi Seed